30 (*30) ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെപ്പോലെ തന്നെ സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ദളിത് ക്രൈസ്തവരെ കൂടി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണഘടനാ അനുഛേദം 341(1) അനുസരിച്ച് നോട്ടിഫൈ ചെയ്തിട്ടുള്ള സംസ്ഥാന പട്ടികജാതി ലിസ്റ്റിൽ ദളിത് ക്രൈസ്തവരെ ഉൾപ്പെടുത്താത്തതുകൊണ്ട് അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതായി ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭരണഘടനാ അനുഛേദം 341 (2)ൽ പ്രതിപാദിക്കും പ്രകാരം അവരെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത ലിസ്റ്റ് ഭേദഗതി ചെയ്യുന്നതിലേക്ക് പാർലമെന്റിൽ ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് 28.6.1996 ൽ കേന്ദ്രഗവൺമെന്റിൽ നിന്ന് അയച്ചിട്ടുള്ള കത്ത് സംസ്ഥാന ഗവൺമെന്റിനു ലഭിക്കുകയുണ്ടായോ;

(ഇ) എങ്കിൽ അതിന് എന്തു മറുപടിയാണ് സർക്കാർ നൽകിയിരിക്കുന്നതെന്നറിയിക്കുമോ;

(എഫ്) ദളിത് ക്രൈസ്തവരുടെ ന്യായമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഭരണഘടനാ നിബന്ധനകൾ പ്രകാരം ക്രിസ്തുമതാനുയായികൾ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടാൻ അർഹരല്ല. ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിക്കാരെ അവരുടെ സാമൂഹ്യ വിദ്യാഭ്യാസ സ്ഥിതി കണക്കിലെടുത്ത് മറ്റു പിന്നോക്ക വിഭാഗക്കാർ (ഒ.ബി.സി) എന്ന തരം തിരിവിൽ ഉദ്യോഗസംവരണത്തിനും, സാമൂഹ്യമായും, വിദ്യാഭ്യാസപരമായും പിന്നോക്കമായ സമുദായം (എസ്.ഇ.ബി.സി) എന്ന പരിഗണനയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റ് സംവരണത്തിനും, മറ്റർഹസമുദായം (ഒ.ഇ.സി) എന്ന പരിഗണനയിൽ വിദ്യാഭ്യാസ കാലത്ത് സാമ്പത്തികാനുകൂല്യങ്ങൾക്കും അർഹരായിട്ടുണ്ട്.

(സി)മുതൽ (എഫ്)വരെ പട്ടികജാതികളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരെ പട്ടികജാതിക്കാരായി പരിഗണിക്കണമെന്ന ആവശ്യത്തിന്മേൽ 1996-ൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുടെ നിലപാട് ആരാഞ്ഞിരുന്നു. ഇക്കാര്യം പഠിച്ച് തീരുമാനമെടുക്കാൻ കൂടുതൽ സമയം ആവശ്യപ്പെട്ടിരുന്നു. അന്നത്തെ കേന്ദ്രമന്ത്രിസഭ രാജിവയ്ക്കുകയാൽ പിന്നീട് കേന്ദ്രഗവൺമെന്റിൽ നിന്നും ഇക്കാര്യത്തിൽ നടപടിയൊന്നും ഉണ്ടായിട്ടില്ല. ക്രിസ്തു

LIBRARY ARCHIVES Kerala Legislative Assembly

മതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും, എതിർത്തും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1) ഗൾഫ് മലയാളികൾക്ക് വോട്ടവകാശം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. എ. ചന്ദ്രൻ
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച ഗവൺമെന്റ് സമീപനം എന്തെന്ന് വിശദീകരിക്കുമോ;

(ബി) അവർക്ക് വോട്ടവകാശം ലഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ;

(സി) ഈ നടപടികളുടെ അനന്തരഫലം എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 19-ാം വകുപ്പ് പ്രകാരം ഗൾഫ് മലയാളികൾക്ക് ഇപ്പോൾ വോട്ടവകാശത്തിന് അർഹതയില്ല.

(ബി) ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) ഉദിക്കുന്നില്ല.

2 (2) വിവരസാങ്കേതിക വിദ്യ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക മേഖലയുടെ വിവിധ രംഗങ്ങളിലെ സഹകരണത്തിന് കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സി-ഡിറ്റ് ഏതെങ്കിലും അന്തർദേശീയ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സി-ഡിറ്റ് ഒരു അന്താരാഷ്ട്ര കമ്പനിയുമായും ധാരണാപത്രം ഒപ്പിട്ടിട്ടില്ല. എന്നാൽ 7.6.99-ന് സി-ഡിറ്റും മൈക്രോസോഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും തമ്മിൽ വിവര സാങ്കേതിക മേഖലയുടെ വിവിധ രംഗങ്ങളിലെ സഹകരണത്തിന് ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. മൈക്രോസോഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്നത് ഒരു ഇൻഡ്യൻ കമ്പനിയാണ്. ഈ കമ്പനിയും ഏതാണ്ട് ഇതേ പേരിലുള്ള അമേരിക്കൻ കമ്പ

LIBRARY ARCHIVES Kerala Legislative Assembly